# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.82- 30/11/2015 - ലെ മറുപടിക്ക്

## സഞ്ചിത കടം

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച് നൽകിയിട്ടുള്ള വായ്പാ പരിധി എത്ര കോടി രൂപയാണ് ; | 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച് നൽകിയിട്ടുള്ള വായ്പാ പരിധി 15,605/- കോടി രൂപയാണ്. |
| (ബി) ആയതുപ്രകാരം 2015 നവംബർ 25 വരെ എത്ര കോടി വായ്പയെടുത്തു ; വ്യക്തമാക്കാമോ ; | ആയതുപ്രകാരം അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കനുസരിച്ച് സെപ്റ്റംബർ 2015 വരെയുള്ള കാലയളവിൽ 7980.19/- (തനി) കോടി രൂപ വായ്പയെടുത്തിട്ടുണ്ട്. |
| (സി) 2015-16 സാമ്പത്തിക വർഷത്തിൽ നവംബർ 25 വരെ റിസർവ് ബാങ്കിന്റെ ഭരണാനുമതിയോടു കൂടി എത്ര തുക കടപ്പത്രം വഴി സമാഹരിച്ചു ; ഈ നടപ്പ് വർഷം ഇനി ഇത്തരത്തിൽ എത്ര കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ; | വകുപ്പുതല കണക്കുപ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ നവംബർ 25 വരെ കടപ്പത്രം വഴി 10450/- കോടി രൂപ സമാഹരിച്ചിട്ടുണ്ട്. നടപ്പ് വർഷം ഇനി കടപ്പത്രം വഴി ഏകദേശം 2882.03 കോടി രൂപ കൂടി സമാഹരിക്കാൻ ഉദ്ദേശിക്കുന്നു |
| (ഡി) നിലിവിൽ സംസ്ഥാനത്തിന്റെ സഞ്ചിത കടം എത്ര ; 2016 മാർച്ച് 31 ആകുമ്പോൾ ഇത് എത്രയാകുമെന്നാണ് കരുതുന്നത് ; | നിലവിൽ സംസ്ഥാനത്തിന്റെ സഞ്ചിതകടം അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾപ്രകാരം 31.03.2015 വരെ 1,35,440.24 കോടി രൂപയാണ്. 2016 മാർച്ച് 31 വരെയുള്ള കടബാദ്ധ്യത അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്കേ വ്യക്തമാകുകയുള്ളൂ. |
| (ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സഞ്ചിതകടം എത്രയായിരുന്നു; വ്യക്തമാക്കാമോ ? | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31.03.2011 വരെ സംസ്ഥാനത്തിന്റെ സഞ്ചിതകടം 78,673.24 കോടിരൂപയായിരുന്നു. ഇതിൽ 48,528.10 കോടിരൂപ ആഭ്യന്തര കടം ഇനത്തിലും 6,359.08 |

| | |
|---|---|
| | കോടിരൂപ കേന്ദ്രസഹായ വായ്പ ഇനത്തിലും 23,786.06 കോടി രൂപ സ്മോൾ സേവിംഗ്സ്, പ്രൊവിഡന്റ് ഫണ്ട് തുടങ്ങി ഇനത്തിലുമായിരുന്നു. |

അക്കൗണ്ട്സ് ഓഫീസർ